# 'അയ്യപ്പനേ'യും 'അമ്മ'യേയും മാധ്യമങ്ങൾ പേടിക്കുന്ന വിധം

ഭാർഗ്ഗവരാമൻ



"ശബരിമലയിലെ മകരവിളക്ക് കത്തുന്നതിൽ ഒരു നിഗൂഢതയുമില്ലെന്നതിന്റെ തെളിവ് വർഷങ്ങൾക്കുമുമ്പെ എന്റെ കൈവശമുണ്ടായിരുന്നു. രണ്ടു പതിറ്റാണ്ടു മുമ്പ് ശബരിമലയിൽ നിന്ന് ലഭിച്ച ദേവസ്വം ഡയറിയായിരുന്നു അത്. മലമുകളിലെ ഒഴിഞ്ഞുകിടക്കുന്ന പ്ലാറ്റ്ഫോമിന്റെ പടം ഈ ഡയറിയിൽ നിന്ന് കിട്ടിയിരുന്നു. മകരസംക്രാന്തിനാളിൽ ദേവസ്വവും കേരള ഇലക്ട്രിസിറ്റി ബോർഡും ഫോറസ്റ്റ് അധികൃതരും ചേർന്ന് മകരവിളക്ക് കത്തിക്കുന്ന സ്ഥലത്തിന്റെ ചിത്രമായിരുന്നു അത്. ഫോട്ടോ വീട്ടിൽ കാണിച്ച വിശദീകരിച്ചപ്പോൾ ആരും വിശ്വസിച്ചില്ല. ഇപ്പോൾ ശബരിമല തന്ത്രിയും ദേവസ്വം മന്ത്രിയും സത്യം തുറന്ന് പറഞ്ഞതോടെ ഞാൻ സന്തോഷവാനാണ്. യഥാർത്ഥ വിശ്വാസികളെ വഞ്ചിക്കുന്ന കഥ പുറത്ത് വന്നല്ലോ. അല്ലെങ്കിലും ശബരിമല ഇപ്പോൾ ആത്മീയവ്യവസായത്തിന്റെ വൻതട്ടകമായി മാറിയിരിക്കുന്നു." - ഡോ. രാജേഷ് രാധാകൃഷ്ണൻ, പാലക്കാട് (ഇന്ത്യൻ എക്സ്പ്രസ്, മെയ് 31)

ഓർമവെച്ച നാൾ മുതൽ വിശ്വാസികളെ വഞ്ചിച്ചുകൊണ്ട് ശബരിമലയിൽ നടത്തിവന്നിരുന്ന മകരവിളക്ക് തെളിക്കൽ കഥയുടെ പിന്നിലെ സത്യാവസ്ഥ ഈയിടെ തന്ത്രിയും മന്ത്രിയും വെളിപ്പെടുത്തിയിരുന്നു. ഇതിന്റെ പിറ്റേദിവസം ഇംഗ്ലീഷ് പത്രമായ ഇന്ത്യൻ എക്സ്പ്രസിന്റെ ഒന്നാം പേജിൽ വാർത്തയും (Consession: Divinelight is man made) എഡിറ്റോറിയലും (Suffering out flame of faith) ഏറെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെത്തുടർന്ന് പത്രത്തിൽ പിന്നീട് വന്ന വായനക്കാരുടെ നിരവധി കത്തുകളിലൊന്നാണ് മുകളിലത്തേത്. എന്തേ ഇത്തരത്തിൽ മൂടിവെക്കപ്പെട്ട കാര്യം പുറത്തുവന്നപ്പോൾ (മൂടിവക്കപ്പെടുന്നതെന്തോ അതാണ് ന്യൂസ്) അത്ര വലിയ വാർത്തയായും എഡിറ്റോറിയലായുമൊന്നും മലയാള പത്രങ്ങൾ ഇതിനെ ആഘോഷിക്കാതെ പോയത്. അകത്തെ പേജിലെവിടെയോ ഒറ്റക്കോളത്തിലും അല്ലാതെയുമൊക്കെ വെട്ടിച്ചുരുക്കിയാണ് ആരും കാണരുതേ എന്ന മട്ടിൽ ഈ വാർത്തയും യുക്തിവാദികളുടെ വിശദീകരണവമൊക്കെ നമ്മുടെ പത്രങ്ങൾ ഒറ്റ ദിവസത്തിൽ മാത്രം ഒതുക്കി ഡിസ്പ്ലേ ചെയ്തത്. ഇവിടെയാണ് ഭക്തിയുടേയും വിശ്വാസത്തിന്റേയും പിന്നിൽ ഒളിഞ്ഞുകിടക്കുന്ന വൻവ്യാപാരവും സർക്കുലേഷൻ താത്പര്യവും ഓർക്കേണ്ടത്. ശബരിമലയിലെ ഐതീഹ്യമെന്ന തോതിൽ കെട്ടുകഥകൾ തുന്നിച്ചേർത്ത സ്പെഷൽപതിപ്പും സപ്ലിമെന്റുകളും എല്ലാ ശബരിമല സീസണിലും ഇറക്കുന്നവരാണ് നമ്മുടെ മതേതരമെന്നും പുരോഗമനമെന്നുമൊക്കെ അവകാശപ്പെടുന്ന പല മലയാളപത്രങ്ങളും. അതിനാൽ തന്നെ ഇത്തരത്തിൽ ശബരിമലയിലെ ഒളിപ്പിച്ച കഥകളുടെ പൊള്ളത്തരങ്ങൾ ഉത്തരവാദിത്തപ്പെട്ട തന്ത്രിമാർ പോലും തുറന്നുപറഞ്ഞാലും നമുക്ക് വലിയ വാർത്തയാകില്ല. ഇത്തരം അന്ധവിശ്വാസങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ പ്രചരിപ്പിക്കുകയും അതിന്റെ മറവിൽ സർക്കുലേഷൻ വർധിപ്പിക്കുകയും ചെയ്യുന്നവരാണ് പല പത്രങ്ങളും. അത്തരം മാധ്യമങ്ങളുടെ വിശ്വാസ്യതയുമാണ് തന്ത്രിയും മുകളിലത്തെ കത്തെഴുതിയ വായനക്കാരടക്കമുള്ളവരും പറയുമ്പോൾ പൊളിഞ്ഞു പോകുക. വർഷങ്ങളോളമായി യുക്തിവാദിസംഘവും മറ്റു സംഘടനകളും ആവശ്യപ്പെട്ടിട്ടും പൊന്നമ്പലമേട്ടിലെ മകരവിളക്ക് പ്രയോഗം തുറന്നുകാണിക്കാൻ സർക്കാർ അനുമതി നല്കിയിരുന്നില്ല. പല ഘട്ടങ്ങളിലും സീസണിൽ പൊന്നമ്പലമേട്ടിലേക്ക് ഇരച്ചു കയറാനുള്ള ഇത്തരക്കാരുടെ സമരത്തെ തടയാൻ കേരളപോലീസും രംഗത്തുണ്ടായിരുന്നു. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ മകരവിളക്ക് ദിവസം തിക്കിലും തിരക്കിലും പെട്ട് നിരവധി ഭക്തർ മരിച്ചിരുന്നു. അന്ന് മകരവിളക്കിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന തരത്തിൽ മുഖ്യമന്ത്രി സംസാരിച്ചു പോയത് പ്രശ്നമാകുകയും പിന്നീട് അദ്ദേഹം തന്നെ തിരുത്തുകയുമായിരുന്നു. ഇത്തരത്തിൽ മാറിമാറി വന്ന കേരള സർക്കാർ ഔദ്യോഗികമായി വിശ്വാസികളെ കബളിപ്പിച്ചു കൊണ്ട് നടത്തിയ തട്ടിപ്പാണ് ഇപ്പോൾ പൊളിഞ്ഞത്. മകരജ്യോതി എന്ന ഒരു നക്ഷത്രം അവിടെ കത്താറുണ്ടെങ്കിലും മകരവിളക്ക് മനുഷ്യർ കത്തിക്കുന്നതാണെന്നതാണ് തന്ത്രി ഇപ്പോൾ ഉന്നയിച്ചത്. എന്നാൽ മകര

ജ്യോതി എന്ന നക്ഷത്രം തെളിയാറുണ്ടെന്ന വാദവും കളവാണെന്ന് ചില ശാസ്ത്രകാരൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തന്ത്രി മറുപടി പറയണമെന്ന് പ്രമുഖ വാനനിരീക്ഷകനും കേരള ശാസ്ത്രസാഹിത്യ പരിഷത് നേതാവുമായ പ്രഫ. കെ. പാപ്പൂട്ടി ഉന്നയിച്ചിട്ടുണ്ട്. (തുടർവാർത്തക്ക് ഇപ്പോഴും സ്കോപ്പുണ്ടെന്ന് ചുരുക്കം) എന്നാൽ എന്തിനും ഏതിനും ന്യൂസ് ഹൗവർ നടത്തുന്ന ചാനലുകളോ വിവാദങ്ങൾ തുടർച്ചയായി വാർത്തയാക്കുന്ന പത്രങ്ങളോ ഇതിൻമേൽ ഒരു തുടർറിപ്പോർട്ടുകളും നടത്തിയില്ല. മകരസംക്രമദിവസം വൻപരസ്യങ്ങൾ കൊയ്തുകൊണ്ടാണ് മകരവിളക്ക് തെളിയുന്ന 'അദ്ഭുത' കാഴ്ച ഇടത് - വലത് ചാനലുകൾ ലൈവ് ആയി റിപ്പോർട്ട് ചെയ്യാറ്. എന്നാൽ ഇത്തരം വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ ഒരു ചാനലുകാരനും പൊന്നമ്പലമേട്ടിലെ വായനക്കാരൻ പറഞ്ഞ 'ഒഴിഞ്ഞുകിടക്കുന്ന പ്ലാറ്റ്ഫോം' പകർത്തുകയോ അതിന്റെ വിശദാംശങ്ങൾ നല്കുകയോ ചെയ്തില്ല. വിശ്വാസത്തിന്റെ പേരിൽ നടത്തുനന ഈ 'കത്തിക്കൽ' നിർത്തിയാൽ അത് വർഗീയകലാപത്തിലേക്ക് നീങ്ങുമെന്ന മന്ത്രിയുടെ വാക്കിനെ നമുക്ക് മാനിക്കാം. എന്നാൽ ഈ വസ്തുത തെളിവ് സഹിതം കാണിക്കാൻ ഒരു മാധ്യമവും ശ്രമം നടത്തിക്കണ്ടില്ല. മുകളിലത്തെ കത്തിൽ വായനക്കാരൻ പരാമർശിച്ചതുപോലെ ശബരിമല പൂർണ്ണമായും വ്യാവസായമായി മാറുമ്പോൾ മാധ്യമങ്ങൾക്കും ഇത്തരം ഭക്തിമാഹാത്മ്യം വെറും കച്ചവടമാണ്. അത്തരം കച്ചവടത്തിന് ഹാനിതട്ടുന്ന ഒരു വെളിപ്പെടുത്തലും വലിയ വാർത്തയാകില്ല. അതാണ് പുതിയ കാലത്തെ മാധ്യമബലതന്ത്രവും പ്രത്യയശാസ്ത്രവും.

## മാതൃഭൂമി 'അമ്മ'യുടെ ജിഹ്വയോ?

ആദ്യം ചില മാധ്യമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും കൊണ്ടാടാൻ ശ്രമിക്കുകയും പിന്നീട് കൈയൊഴിയുകയും ചെയ്ത നിർഭാഗ്യവാനായ 'സ്വാമി'യാണ് സന്തോഷ് മാധവൻ. പിന്നീട് ഇയാളുടെ ഉള്ളുകള്ളികൾ കൈയോടെ പിടിക്കപ്പെടുമെന്ന് കണ്ടതോടെയാണ് ഇത്തരം മാധ്യമങ്ങൾ കളംമാറിചവുട്ടി സ്വാമിയോടുള്ള കൂറ് ഉപേക്ഷിച്ചത്. എന്നാൽ സന്തോഷ് മാധവൻ കാരണം കേരളത്തിലെ നിരവധി സ്വാമിമാരുടെയും സിദ്ധന്മാരുടെയും സുവിശേഷക്കാരുടേയും തട്ടിപ്പ്കഥകൾ പുറത്തുവന്നതോടെ ചില മാധ്യമങ്ങൾ വീണ്ടും മലക്കം മറിയാൻ തുടങ്ങുകയാണ്. മറ്റൊരു മൂന്നൂർ ഓപ്പറേഷനായി ആൾദേവവേട്ട തുടരുകയും വമ്പൻ സ്രാവുകൾക്കെതിരെ വിമർശനങ്ങൾ ഉയരുകയും ചെയ്തതോടെയുമാണ്. ചില മുഖ്യധാരാമാധ്യമങ്ങൾ തന്നെ ഇത്തരം മുന്നേറ്റത്തിന് തുരങ്കം വെക്കാൻ രംഗത്തിറങ്ങിയത്. അതിൽ പ്രധആനിയാണ് 'പത്രത്തോടൊപ്പം സംസ്കാരവും വളർത്തുന്നു' എന്ന് അവകാശപ്പെടുന്ന മാതൃഭൂമി.

ഇപ്പോൾ പിടിക്കപ്പെടുന്ന സ്വാമിമാരെല്ലാം ചെറുപരലുകളാണന്നും ആത്മീയ വ്യാവസായത്തിലെ വമ്പൻമാരായ അമൃതാനന്ദമയി, സത്യസായിബാബ എന്നിവർക്കെതിരെയാണ് നടപടി എടുക്കേണ്ടതെന്ന ചിലരുടെ ആരോപണമാണ് മാതൃഭൂമിയെ ചൊടിപ്പിച്ചത്. ഡി. വൈ. എഫ്. പ്രവർത്തകർ കള്ളസ്വാമിമാരുടെ ആശ്രമത്തിലേക്ക് മാർച്ച് നടത്തിയതോടെ കടുത്ത പ്രതിഷേധവുമായി ഇറങ്ങിയ എഡിറ്റോറിയലാണ് ആദ്യമിറങ്ങിയത്. (അമ്മയുടെ കോടികളുടെ വിദേശമൂലധനഒഴുക്കിനെക്കുറിച്ചോ വള്ളിക്കാവിലെ സുധാമണി (അമ്മയുടെ) സഹോദരൻ അടക്കം നിരവധിപേരുടെ ദുരൂഹമരണത്തെക്കുറിച്ചോ 2003ൽ സത്യസായിഭാഭയുടെ ആശ്രമത്തിൽ കണ്ണൂർ സ്വദേശിയായ ഭക്തനടക്കം ആറോളം യുവാക്കൾ വെടിയേറ്റ് മരിച്ചതിനെക്കുറിച്ചോ ഈ പത്രത്തിന് ധാർമ്മികരോഷം ഉണ്ടായില്ല). അമ്മയ്ക്കെതിരെ സുകുമാർ അഴീക്കോടക്കം പലരും ശബ്ദിച്ചു തുടങ്ങിയതോടെ അമ്മയുടെ അരുമശിഷ്യനായ ശ്രീമാൻ അമൃതസ്വരൂപാനന്ദയുടെ ലേഖനം എഡിറ്റോറിയൽ പേജിൽ പ്രാധാന്യം ഒട്ടും ചോരാതെ കൊടുത്തതാണ് അടുത്ത ദാസ്യവൃത്തി. ഒരു വിഷയത്തിൽ വ്യത്യസ്ത നിലപാടുകൾ കൊടുക്കുന്ന ബാലൻസ് രീതിയാണ് പത്രങ്ങൾ (മാതൃഭൂമിയടക്കം) പലപ്പോഴും ചെയ്യാറ്. എന്നാൽ ഇവിടെ തങ്ങളുടെ ജീവകാരുണ്യപ്രവർത്തിയാണ് കേരളത്തിന്റെ മൊത്തം അഭിവൃദ്ധിയുടെ കാരണമെന്നും അതിനെതിരെ നിൽക്കുന്നതവരെ രൂക്ഷമായി വിമർശിക്കുകയും ചെയ്യുന്ന ഏകപക്ഷീയമായ ലേഖലവും തുടർദിവസങ്ങളിൽ അതിന് അനുകൂലിക്കുന്ന നിരവധി കത്തുകളും മാത്രമാണ് പത്രം പ്രസിദ്ധീകരിച്ചത്. ഈ ലേഖനത്തിന്റെ ഫോട്ടോസ്റ്റാറ്റ് കേരളത്തിലങ്ങോളം അമ്മഭക്തന്മാർ ചുമരുകളിൽ പോസ്റ്ററായി ഒട്ടിക്കുകകൂടി ചെയ്തതോടെ പത്രം നടത്തിയ ഗൂഡാലോചന വെളിപ്പെടുന്നതുമായി. ഒരു കാലത്ത് ഇന്ത്യയിലെ പ്രമുഖ ആൾദൈവങ്ങളെക്കുറിച്ചും അവരുടെ തട്ടിപ്പുകളെക്കുറിച്ചും അന്തരിച്ച പത്രപ്രവർത്തകൻ മാധവൻകുട്ടിയുടെ മുഴുനീള പരമ്പര പ്രസിദ്ധീകരിച്ച പത്രമാണ് മാതൃഭൂമി എന്നോർക്കുക. ന്യൂസ് മുറിയിലെ കാവിവത്ക്കരണത്തെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായ കമൽറാം സജീവ് തന്നെ ഈയിടെ മറ്റൊരു പ്രസിദ്ധീകരണത്തിൽ ലേഖനമെഴുതിയ വിവാദം കെട്ടടങ്ങിയിട്ടില്ല. മാതൃഭൂമിയുടെ പിന്നാമ്പുറത്ത് നടന്നുകൊണ്ടിരിക്കുന്ന കാവിവത്ക്കരണത്തിന്റെ കഥതന്നെയാണ്. ഇപ്പോൾ അത്തരം ആരോപണം ശരിവെക്കുന്ന തെളിവുകൾ തന്നെയാണ് മാതാഅമൃതാനന്ദമയിക്കുവേണ്ടി പേനയുന്തിയപ്പോൾ പുറത്തായത്. ഇനി വായനക്കാർ പറയുക, ആർ എസ്. എസ് പോലുള്ള ഫാസിസ്റ്റ് സംഘടനയിലേക്കുള്ള റിക്രൂട്ട്മെന്റ് ഏജൻസി നടത്തുന്ന അമ്മയ്ക്കും ശ്രീ. ശ്രീ രവിശങ്കറിനും വേണ്ടി ഇറക്കുന്ന ഈ പത്രം മതേതരമാണോ?

*പി.ബി.-100, തൃശൂർ-1.*

### ജൈവകാർഷികചന്ത തൃശൂരിൽ

വിഷമില്ലാത്ത പച്ചക്കറി, പഴവർഗ്ഗം, ധാന്യങ്ങൾ തുടങ്ങിയവയുടെ കൈമാറ്റത്തിനായി ജൈവകർഷകരുടെയും ഉപഭോക്താക്കളുടെയും ചന്ത തൃശൂരിൽ ചിങ്ങം 2ന് ആരംഭിച്ചു. തുടർന്ന് എല്ലാ മാസവും ചന്ത ഉണ്ടായിരിക്കും.

ബന്ധങ്ങൾക്ക് : ഓർഗാനിക് ഫാർമേഴ്സ് ബസാർ, 9447441621, 9349735902.